GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Press Release

PR.48/2026 05.06.2026

### വിളവിന്റെ വിസ്മയത്തിലേക്ക് പുതിയ തലമുറ: 'കതിര്' കാർഷിക ക്ലബ്ബുകൾക്ക് തുടക്കം കുറിച്ചു

### പരിസ്ഥിതി സംരക്ഷണം എല്ലാ വികസന പദ്ധതികളുടെയും കേന്ദ്രബിന്ദുവാകണം: മുഖ്യമന്ത്രി വി.ഡി. സതീശൻ

തിരുവനന്തപുരം, ജൂൺ 5: കാലാവസ്ഥാ വ്യതിയാനവും പരിസ്ഥിതി സംരക്ഷണവും സംസ്ഥാന വികസന നയങ്ങളുടെ അവിഭാജ്യ ഘടകങ്ങളായിരിക്കുമെന്നും പ്രകൃതിയെ തകർത്തുകൊണ്ടുള്ള വികസനമല്ല, പ്രകൃതിയുമായി ഇണങ്ങിച്ചേരുന്ന സുസ്ഥിര വികസനമാണ് കേരളം ലക്ഷ്യമിടുന്നതെന്നും മുഖ്യമന്ത്രി വി.ഡി. സതീശൻ പറഞ്ഞു. ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് കൃഷി വകുപ്പ് സംഘടിപ്പിച്ച സംസ്ഥാനതല പരിപാടി സെക്രട്ടേറിയറ്റ് അങ്കണത്തിൽ കോട്ടൂർകോണം മാവ് നട്ടതിന് ശേഷം ദർബാർ ഹാളിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ലോകം ഇന്ന് ഗൗരവമായി ചർച്ച ചെയ്യുന്ന 'വൺ ഹെൽത്ത്' എന്ന ആശയം മനുഷ്യന്റെ ആരോഗ്യവും പ്രകൃതിയുടെ ആരോഗ്യവും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നുവെന്ന യാഥാർത്ഥ്യമാണ് മുന്നോട്ടുവയ്ക്കുന്നതെന്ന് മുഖ്യമന്ത്രി പറഞ്ഞു. പ്രകൃതിയുടെ സന്തുലിതാവസ്ഥ തകരുമ്പോൾ മനുഷ്യന്റെ നിലനിൽപ്പും അപകടത്തിലാകുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. കാലാവസ്ഥാ വ്യതിയാനം ഭാവിയിൽ സംഭവിക്കാനിടയുള്ള ഒരു പ്രതിഭാസമല്ല; മറിച്ച് ഇപ്പോൾ തന്നെ വ്യക്തമായ മുന്നറിയിപ്പുകൾ നൽകുന്ന യാഥാർത്ഥ്യമാണെന്ന് മുഖ്യമന്ത്രി പറഞ്ഞു. പരിസ്ഥിതിയെ അവഗണിച്ചുള്ള വികസനമല്ല, പരിസ്ഥിതിയെയും മനുഷ്യനെയും

ഒരുപോലെ സംരക്ഷിക്കുന്ന സുസ്ഥിര വികസന മാതൃകയാണ് സർക്കാർ പിന്തുടരുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.

കർഷകരാണ് യഥാർത്ഥത്തിൽ പരിസ്ഥിതിയുടെ ഏറ്റവും വലിയ സംരക്ഷകരെന്ന് അഭിപ്രായപ്പെട്ട മുഖ്യമന്ത്രി, പ്രകൃതിയെ സംരക്ഷിക്കുകയും മരങ്ങളും ചെടികളും വളർത്തി ഭൂമിയുടെ ആരോഗ്യത്തെ കാത്തുസൂക്ഷിക്കുകയും ചെയ്യുന്നവരാണ് കർഷകരെന്നും അതുകൊണ്ടുതന്നെ അവരെ കൂടുതൽ പ്രോത്സാഹിപ്പിക്കുകയും ആദരിക്കുകയും ചെയ്യേണ്ടത് സമൂഹത്തിന്റെ ഉത്തരവാദിത്തമാണെന്നും പറഞ്ഞു.

സംസ്ഥാനത്തിന്റെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനും ആരോഗ്യകരമായ ഭക്ഷണശീലങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും പച്ചക്കറി ഉൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കേണ്ടത് അനിവാര്യമാണെന്ന് മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി. അതിന്റെ ഭാഗമായാണ് "ഓണത്തിന് ഒരുക്കാം വിളവിന്റെ വിസ്മയം" പദ്ധതി നടപ്പാക്കുന്നതെന്നും വീടുകളിലും വിദ്യാലയങ്ങളിലും ലഭ്യമായ ഇടങ്ങളിൽ പച്ചക്കറി കൃഷി വ്യാപിപ്പിക്കാൻ സർക്കാർ ലക്ഷ്യമിടുന്നതെന്നും അദ്ദേഹം പറഞ്ഞു.

ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് കേരളത്തിലെ വിദ്യാർത്ഥികളിൽ കാർഷിക അവബോധവും പരിസ്ഥിതി സംരക്ഷണ ബോധവും വളർത്തുന്നതിനായി കൃഷി വകുപ്പും പൊതുവിദ്യാഭ്യാസ വകുപ്പും സംയുക്തമായി നടപ്പാക്കുന്ന 'കതിര്' കാർഷിക ക്ലബ്ബുകളുടെ സംസ്ഥാനതല ഉദ്ഘാടനവും ചടങ്ങിൽ നടന്നു. മുഖ്യമന്ത്രി പദ്ധതി ഉദ്ഘാടനം നിർവഹിക്കുകയും ഓണത്തിനായുള്ള വിഷരഹിത പച്ചക്കറി ഉൽപാദനത്തിന്റെ ഭാഗമായ നടീൽ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്തു.

അധ്യക്ഷപ്രസംഗത്തിൽ കൃഷി മന്ത്രി ടി. സിദ്ദിഖ്, 'കതിര്' കേരളത്തിന്റെ കാർഷിക ഭാവിയെ രൂപപ്പെടുത്തുന്ന ദീർഘകാല ജനകീയ പദ്ധതിയാണെന്ന് പറഞ്ഞു. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ സംസ്ഥാനത്തെ മുഴുവൻ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കും പദ്ധതി വ്യാപിപ്പിക്കുകയാണ് ലക്ഷ്യമെന്നും വിദ്യാർത്ഥികളിൽ കൃഷിയോടും പ്രകൃതിയോടും ഉള്ള അടുപ്പം വർധിപ്പിക്കുന്നതിനൊപ്പം ലഹരിക്കെതിരായ സർഗാത്മക പ്രതിരോധം സൃഷ്ടിക്കാനും പദ്ധതി സഹായകരമാകുമെന്നും അദ്ദേഹം പറഞ്ഞു. ഓരോ സ്കൂളിലും കാർഷിക ക്ലബ്ബുകൾ, നോഡൽ അധ്യാപകർ, പ്രത്യേക സമിതികൾ എന്നിവ രൂപീകരിച്ച് കൃഷി വകുപ്പിന്റെ സമ്പൂർണ പിന്തുണ ഉറപ്പാക്കുമെന്നും മന്ത്രി വ്യക്തമാക്കി.

കേരളത്തിലെ വിദ്യാലയങ്ങളിൽ കാർഷിക സംസ്കാരം വളർത്തുക, വിദ്യാർത്ഥികളെ കൃഷിയിലേക്ക് ആകർഷിക്കുക, പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം പ്രായോഗികമായി മനസ്സിലാക്കാൻ അവസരമൊരുക്കുക, ലഹരിക്കെതിരായ പ്രതിരോധം രൂപപ്പെടുത്തുക എന്നിവ ലക്ഷ്യമിട്ടാണ് 'കതിര്' കാർഷിക ക്ലബ്ബുകൾ രൂപീകരിക്കുന്നത്. ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ 2,500 സ്കൂളുകളിലാണ് പദ്ധതി നടപ്പാക്കുന്നത്.

കൃഷി മന്ത്രി ടി. സിദ്ദിഖ് അധ്യക്ഷത വഹിച്ച ചടങ്ങിൽ പൊതുവിദ്യാഭ്യാസ മന്ത്രി എൻ. ഷംസുദ്ദീൻ പരിസ്ഥിതി ദിന പ്രതിജ്ഞ ചൊല്ലിക്കൊടുക്കുകയും മുഖ്യപ്രഭാഷണം നടത്തുകയും ചെയ്തു. ഗതാഗത വകുപ്പ് മന്ത്രി സി.പി. ജോൺ വിശിഷ്ടാതിഥിയായി പങ്കെടുത്തു.

ചടങ്ങിൽ ജില്ലയിലെ മികച്ച കുട്ടികർഷകരായ അദാൻ അരുൺ, അഭിനവ് ആർ.സി., നവനിധി യു.ആർ., നവനാ എൽ., അനുഗ്രഹ എസ്. അരുൺ, ഭാഗ്യ ഡി. എന്നിവരെയും മികച്ച കർഷകരായ ഹരികേശൻ നായർ, സുജിത് എസ്.വി. എന്നിവരെയും ആദരിച്ചു. വിദ്യാലയങ്ങളിലെ കാർഷിക പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനമായി വിദ്യാർത്ഥികൾക്ക് ഫലവൃക്ഷത്തൈകളും പച്ചക്കറി വിത്തുകളും വിതരണം ചെയ്തു.

കാർഷികോൽപാദന കമ്മീഷണർ ടിങ്കു ബിസ്വാൾ ഐ.എ.എസ്. സ്വാഗതം ആശംസിച്ചു. കൃഷി വകുപ്പ് ഡയറക്ടർ ശ്രീറാം വെങ്കിട്ടരാമൻ ഐ.എ.എസ്. പദ്ധതി വിശദീകരണം നടത്തി. കൃഷി അഡിഷണൽ ഡയറക്ടർ സപ്ന എസ്. നന്ദി രേഖപ്പെടുത്തി. കൃഷി അഡിഷണൽ ഡയറക്ടർ സിന്ധു എസ്. സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ ഡയറക്ടർ സജി ജോൺ മറ്റ് കൃഷി, പൊതു വിദ്യാഭ്യാസ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**